# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 14.02.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അസം സന്ദർശനം പുരോഗമിക്കുന്നു; ദിബ്രുഗഡ് ജില്ലയിലെ ദേശീയ പാതയിൽ സജ്ജമാക്കിയ അടിയന്തര ലാൻഡിംഗ് സൗകര്യം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.

   **Prime Minister Narendra Modi's visit to Assam is progressing; The Prime Minister today inaugurated the Emergency Landing Facility on Moran Bypass, developed along a national highway in Dibrugarh district of Assam.**

2. പുൽവാമ ഭീകരാക്രമണത്തിൽ ജീവൻ ബലിയർപ്പിച്ച ധീര ജവാന്മാർക്ക് ശ്രദ്ധാഞ്ജലിയർപ്പിച്ച് രാജ്യം; സൈനികരുടെ പരമമായ ത്യാഗം എക്കാലവും സ്മരിക്കപ്പെടുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Nation pays tribute to brave soldiers who sacrificed their lives in Pulwama terror attack; In a social media post, the Vice President said that that the supreme sacrifice of the security personnel will forever remain etched in the country's memory.**

3. രാജ്യത്തെ സ്വയം പര്യാപ്തമാക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യമെന്നും ഭാവി വികസന കാഴ്ചപ്പാടുകൾ അടയാളപ്പെടുത്തുന്നതാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റെന്നും കേന്ദ്ര വാണിജ്യ മന്ത്രി പിയുഷ് ഗോയൽ.

   **Union Commerce Minister Piyush Goyal said that the central government's goal is to make the country self-reliant and this year's Union Budget marks the future development vision.**

4. കൊല്ലം റെയിൽവേ സ്റ്റേഷനിലെ പുതിയ ബഹുനില കാർ പാർക്കിങ് കേന്ദ്രത്തിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് നിർവഹിക്കും.

**Union Minister of State Suresh Gopi will inaugurate the new multi-storey car parking facility at Kollam Railway Station today.**

5. ബംഗ്ലാദേശിൽ സർക്കാർ രൂപീകരണ ശ്രമങ്ങൾ ഊർജ്ജിതം; ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ചെയർമാൻ താരിഖ് റഹ്മാനെ അഭിനന്ദിനമറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Efforts to form a government in Bangladesh are in full swing; Prime Minister Narendra Modi congratulated Bangladesh Nationalist Party Chairman Tariq Rahman.**

6. ടി20 ക്രിക്കറ്റ് ലോകകപ്പിൽ അയർലൻഡിനെതിരെ ഒമാന് 236 റൺസ് വിജയലക്ഷ്യം.

**Oman set a 236 runs target against Ireland in the T20 Cricket World Cup.**

## ASSAM-PM VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അസം സന്ദർശനം പുരോഗമിക്കുന്നു; ദിബ്രുഗഢ് ജില്ലയിലെ ദേശീയ പാതയിൽ സജ്ജമാക്കിയ അടിയന്തര ലാൻഡിംഗ് സൗകര്യം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. രാവിലെ ദിബ്രുഗഢ് ജില്ലയിലെ മൊറാൻ ബൈപാസിൽ സജ്ജമാക്കിയ എമർജൻസി ലാൻഡിംഗ് ഫെസിലിറ്റിയിൽ എത്തിയ പ്രധാനമന്ത്രി യുദ്ധ വിമാനങ്ങൾ, ഹെലികോപ്റ്ററുകൾ എന്നിവയുടെ ആകാശ പ്രദർശനം വീക്ഷിച്ചു. ഉച്ചകഴിഞ്ഞ് ഗുവാഹത്തിയിൽ 5,450 കോടിയിലധികം രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ഫ്ലാഗ് ഓഫും അദ്ദേഹം നിർവഹിക്കും. വിശദാംശങ്ങളിലേക്ക്.....

(വോയ്സ്)

ഉച്ചയ്ക്ക് ഒരു മണിയോടെ ഗുവാഹത്തിയിലെത്തുന്ന പ്രധാനമന്ത്രി, ഗുവാഹത്തിയെയും വടക്കൻ ഗുവാഹത്തിയെയും ബന്ധിപ്പിച്ച് ബ്രഹ്മപുത്ര നദിക്ക് കുറുകെ 3,000 കോടി രൂപ ചെലവിൽ നിർമ്മിച്ച കുമാർ ഭാസ്കർ വർമ്മ സേതു പാലം ഉദ്ഘാടനം ചെയ്യും. തുടർന്ന് ലചിത് ഘട്ടിലെത്തുന്ന അദ്ദേഹം കാംരൂപ് ജില്ലയിലെ അമിംഗാവിലുള്ള ഐഐഎം ഗുവാഹത്തിയുടെ താത്കാലിക കാമ്പസും നോർത്ത് ഈസ്റ്റേൺ റീജിയണൽ നാഷണൽ ഡാറ്റാ സെന്ററും വെർച്വലായി ഉദ്ഘാടനം ചെയ്യും. ഇതിനുപുറമെ, പിഎം-ഇബസ് സേവാ പദ്ധതിക്ക് കീഴിൽ ഇന്ത്യയിലെ നാല് നഗരങ്ങളിലേക്കായി 225 ഇലക്ട്രിക് ബസുകളുടെ ഫ്ലാഗ് ഓഫും ശ്രീ മോദി നിർവഹിക്കും. ഉച്ചയ്ക്ക് 2

മണിക്ക് ഗുവാഹത്തിയിൽ നടക്കുന്ന ബിജെപി പ്രവർത്തകരുടെ ബൂത്ത് സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.
ന്യൂസ് ഡെസ്ക് ആകാശവാണി...

## PM - GLOBAL BUSINESS

കഴിഞ്ഞ ദശകം ആരംഭിക്കുമ്പോൾ ലോകത്തിലെ 11-ാമത്തെ വലിയ സമ്പദ് വ്യവസ്ഥയായിരുന്ന ഇന്ത്യ ദ്രുതഗതിയിലുള്ള മുന്നേറ്റത്തിലൂടെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറിക്കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗ്ലോബൽ ബിസിനസ് ഉച്ചകോടിയെ ന്യൂ ഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിർമ്മിത ബുദ്ധി മേഖല യിലെ വിപ്ലവകരമായ പരിവർത്തനങ്ങൾക്ക് രാജ്യം ദിശാബോധം നൽകു മെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്ന തിനായി ശാന്തി നിയമം കൊണ്ടുവന്നതും തൊഴിൽ നിയമങ്ങൾ പരിഷ്കാരിച്ചതും വിക്സിത് ഭാരത് ജി റാം ജി ബിൽ നടപ്പിലാക്കിയതും നേട്ടങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു.

## VP PM - PULWAMA

2019 ലെ പുൽവാമ ഭീകരാക്രമണത്തിൽ ജീവൻ ബലിയർപ്പിച്ച ധീര ജവാന്മാർക്ക് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, വിദേശകാര്യ മന്ത്രി എസ് ജയശങ്കർ തുടങ്ങിയ പ്രമുഖർ ആദരാഞ്ജലി യർപ്പിച്ചു. സൈനികരുടെ പരമമായ ത്യാഗം രാജ്യം എക്കാലവും സ്മരിക്കു മെന്ന് ഉപരാഷ്ട്രപതി സമൂഹ മാധ്യമ പോസ്റ്റിൽ പറഞ്ഞു. സൈനികരുടെ സമർപ്പണവും ദൃഢനിശ്ചയവും രാഷ്ട്ര സേവനവും പൗരന്മാരുടെ ചിന്തയിൽ ശാശ്വതമായി നിലനിൽക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.

## UAE-INDIA AI SUMMIT

ഫെബ്രുവരി 16 മുതൽ 20 വരെ ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിൽ യുഎഇ പ്രതിനിധി സംഘത്തെ അബുദാബി കിരീടാവകാശി ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ നയിക്കും. നൂതന സാങ്കേതികവിദ്യകളിൽ അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തുക, സുസ്ഥിര വികസവും നൂതനാശയങ്ങളും പ്രോത്സാഹിപ്പി ക്കുക, നിർമിത ബുദ്ധി മേഖലയിൽ തന്ത്രപരമായ പങ്കാളിത്തം വളർത്തി യെടുക്കുക എന്നിവയാണ് ഉച്ചകോടിയിലൂടെ ലക്ഷ്യമിടുന്നത്. 100-ലധികം

രാഷ്ട്രത്തലവന്മാർ, നയരൂപകർത്താക്കൾ വിഷയ വിദഗ്ധർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

## PIYUSH GOYAL (INTRO)

ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ നാം എല്ലാവരും പ്രതിജ്ഞാബദ്ധരാണെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. രാജ്യത്തെ കൂടുതൽ കരുത്തുറ്റതും സ്വയം പര്യാപ്തവുമാക്കി മാറ്റുക എന്നതാണ് കേന്ദ്രസർക്കാർ ലക്ഷ്യമെന്ന് അദ്ദേഹം മുംബൈയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. രാജ്യത്തിന്റെ ഭാവി വികസന കാഴ്ചപ്പാടുകളെ അടയാളപ്പെടുത്തുന്നതാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റെന്നും ശ്രീ ഗോയൽ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

## BANGLADESH (INTRO)

ബംഗ്ലാദേശിൽ സർക്കാർ രൂപീകരിക്കാൻ ഒരുങ്ങി ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി. 300 അംഗ പാർലമെന്റിൽ 209 സീറ്റുകളാണ് ബിഎൻപി നേടിയത്. വിജയത്തിൽ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ചെയർമാൻ താരിഖ് റഹ്മാനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ബംഗ്ലാദേശിലെ ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റാനുള്ള അദ്ദേഹത്തിന്റെ ഉദ്യമങ്ങൾക്ക് എല്ലാ പിന്തുണയും അറിയിച്ചതായി പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

ഒരു റിപ്പോർട്ട്....

(വോയ്സ്)

പാർലമെന്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്കും സർക്കാർ രൂപീകരണത്തിനുമുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണെന്ന് ബിഎൻപി സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം അമീർ ഖസ്രു മഹ്മൂദ് ചൗധരി പറഞ്ഞു. സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്തുക, ക്രമസമാധാനം ഉറപ്പാക്കുക, അഴിമതി തടയുക, നീതി നടപ്പാക്കുക എന്നിവയാണ് പുതിയ സർക്കാരിന് മുന്നിലുള്ള മുൻഗണനകളെന്ന്. ബിഎൻപി സെക്രട്ടറി ജനറൽ മിർസ ഫഖ്രുൽ ഇസ്ലാം ആലംഗീർ അറിയിച്ചു. ബിഎൻപി ചെയർമാൻ താരിഖ് റഹ്മാന്റെ ഓഫീസിൽ പാർട്ടി യോഗം ചേർന്ന നേതാക്കൾ പുതുതായി തിരഞ്ഞെടുക്കപ്പെട്ട എംപിമാർ ഫെബ്രുവരി 16 ന് സത്യപ്രതിജ്ഞ ചെയ്യാനാണ് സാധ്യതയെന്ന് വ്യക്തമാക്കി.

തന്നെയും പാർട്ടിയെയും പിന്തുണച്ച എല്ലാവർക്കും ബിഎൻപി ചെയർമാൻ നന്ദി അറിയിച്ചു. അതിനിടെ ജമാഅത്തെ ഇസ്ലാമിയുടെ നേതൃത്വത്തിലുള്ള 11 പാർട്ടികളടങ്ങിയ സഖ്യം വോട്ടെണ്ണലിൽ ക്രമക്കേടാ രോപിച്ചു രംഗത്ത് വന്നിട്ടുണ്ട്.

ന്യൂസ് ഡസ്ക് ആകാശവാണി...

❁❁❁❁❁❁❁❁❁❁❁❁

## SURESHGOPI - KOLLAM (INTRO)

കൊല്ലം റെയിൽവേ സ്റ്റേഷനിലെ പുതിയ ബഹുനില കാർ പാർക്കിങ് കേന്ദ്രത്തിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് വൈകുന്നേരം നിർവഹിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ 30 കോടിയോളം രൂപ ചെലവഴിച്ച് നവീകരിച്ചതാണ് ഈ കേന്ദ്രം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ല പ്രതിനിധി നീരജ് ലാൽ...

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁

## CM KERALA - POLICE

പുതിയ പോലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കളാഴ്ച തിരുവനന്തപുരം എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങിൽ നിർവ്വഹിക്കും. കാര്യക്ഷമതയും അടിസ്ഥാന സൗകര്യ ങ്ങളും വർദ്ധിപ്പിക്കുന്നതിനും കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിൻറെയും ഭാഗമായാണ് സേനയിൽ പുതിയ വാഹനങ്ങൾ ഉൾപ്പെടുത്തുന്നത്. സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ, ഉന്നത പൊലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിക്കും.

❁❁❁❁❁❁❁❁❁❁❁❁

## SABARIMALA - SAMPLE

ശബരിമല സ്വർണ അപഹരണ കേസുമായി ബന്ധപ്പെട്ട് സന്നിധാനത്തെ സ്വർണപ്പാളികളിൽ നിന്ന് അന്വേഷണസംഘം ശേഖരിച്ച സാമ്പിളുകൾ ഫൊറൻസിക് പരിശോധക്ക് അയക്കാൻ തിങ്കളാഴ്ച കൊല്ലം കോടതിയിൽ ഹാജരാക്കും. ദ്വാരപാരക ശിൽപത്തിന്റെ മുറിച്ചുമാറ്റിയ

ഭാഗങ്ങളിലെ വിടവ് എന്ത് ചെയ്യണമെന്ന് ദേവസ്വം ബോർഡ് തീരുമാനിക്കുമെന്നു തന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## SIR

കേരളത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഹിയറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക്. 122 നിയോജക മണ്ഡലങ്ങളിൽ ഇതിനോടകം ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. ഹിയറിങ്ങ് അവശേഷിക്കുന്ന 16 നിയോജകമണ്ഡലങ്ങൾ ഉടനെ തന്നെ നടപടികൾ പൂർത്തീകരിക്കുന്നതിനു ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്. ഈ മാസം 21-നാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

❁❁❁❁❁❁❁❁❁❁❁❁

## CRICKET

ഐസിസി പുരുഷ ടി20 ക്രിക്കറ്റ് ലോകകപ്പിൽ അയർലൻഡ്-ഒമാൻ മത്സരം പുരോഗമിക്കുന്നു. ആദ്യം ബാറ്റ് ചെയ്യുന്ന അയർലൻഡ് നിശ്ചിത 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 235 റൺസ് എടുത്തു. 236 വിജയലക്ഷ്യവുമായി ഒമാൻ ബാറ്റിംഗ് ആരംഭിക്കും. ടോസ് നേടിയ ഒമാൻ ഫീൽഡിംഗ് തെരഞ്ഞെടുക്കുക യായിരുന്നു. ഇന്നത്തെ മറ്റ് മത്സരങ്ങളിൽ ഇംഗ്ലണ്ട് -സ്കോട്ട്ലൻഡിനെയും, ന്യൂസിലൻഡ് -ദക്ഷിണാഫ്രിക്കയെയും നേരിടും.

❁❁❁❁❁❁❁❁❁❁❁❁

## INDIAN SUPER LEAGUE

ഇന്ത്യൻ സൂപ്പർ ലീഗ് പന്ത്രണ്ടാം സീസണ് ഇന്ന് കൊൽക്കത്തയിൽ തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് നിലവിലെ ചാമ്പ്യൻമാരായ മോഹൻ ബഗാനെ നേരിടും. വൈകിട്ട് അഞ്ചിനാണ് മത്സരം. ഇന്നത്തെ രണ്ടാം മത്സരത്തിൽ എഫ് സി ഗോവ- ഇൻറർ കാശി എഫ് സിയെ നേരിടും. ഗോവയിൽ രാത്രി 7.30 നാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁

## GOLD

സ്വർണ്ണ വിലയിൽ വർധന. പവന് ഇന്ന് 1,920 രൂപ വർധിച്ച് ഒരു ലക്ഷത്തി, 15,680 രൂപയായി. ഗ്രാമിന് 240 രൂപ വർധിച്ച് 14460 രൂപയായി.